# മഹാരാജാസ് കോളേജ്, എറണാകുളം
## (ഒരു സർക്കാർ സ്വയംഭരണ കോളേജ്)

No.06/CE/A1/2023 തീയതി, 13/01/2023

## റീ നോട്ടിഫിക്കേഷൻ
### (ഒന്നാം സെമസ്റ്റർ UG റഗുലർ പരീക്ഷ, ജനുവരി - 2023)

പരാമർശം 1:- No.02/CE/A1/2023. Dated on 05.01.2023

2. No.05/CE/A1/2023. Dated on 10.01.2023

മേൽസൂചനകൾ പ്രകാരം 2023 ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന ഒന്നാം സെമസ്റ്റർ UG റഗുലർ (2022 അഡ്മിഷൻ) പരീക്ഷയുടെ അപേക്ഷതീയതി താഴെ പറയുന്ന പ്രകാരം പുന:ക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈം ടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**പരീക്ഷ എഴുതുന്നതിന് 75% അറ്റൻഡൻസ് നിർബന്ധമാണ്. ആയതിനാൽ മതിയായ അറ്റൻഡൻസ് ഉണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുക. അല്ലാത്തപക്ഷം അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്. അടച്ച ഫീസ് തിരികെ ലഭിക്കുന്നതുമല്ല.**

Online ആയി ഫീസ് അടയ്ക്കുന്നതിന് മുൻപ് ഇതിനോടൊപ്പം തന്നിരിക്കുന്ന അനുബന്ധം കാണുക. ഫീസ് അടച്ചതിനു ശേഷം Fee Receipt, Examination Registration Form എന്നിവ ഡൌൺലോഡ് ചെയ്താൽ മാത്രമേ ഹാൾടിക്കറ്റ് ലഭിക്കുകയുള്ളൂ. ആവശ്യപ്പെടുന്ന പക്ഷം പ്രസ്തുത ഫോം പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽ രേഖകൾ ഡൌൺലോഡ് ചെയ്യാത്ത വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ സാധിക്കുന്നതല്ല എന്ന് പ്രത്യേകം ശ്രദ്ധിക്കുക.

പരീക്ഷ ഫീസ് താഴെ പറയുന്ന ഷെഡ്യൂൾ പ്രകാരം അടയ്ക്കാവുന്നതാണ്.

| | |
|---|---|
| ഫൈൻ കൂടാതെ | 17.01.2023 - 22.01.2023 |
| ഫൈൻ (50 രൂപ) സഹിതം | 24.01.2023 – 25.01.2023 |
| സൂപ്പർ ഫൈൻ(500 രൂപ) സഹിതം | 26.01.2023 |
| ബിലേറ്റഡ് സൂപ്പർ ഫൈൻ(1050 രൂപ) സഹിതം | 27.01.2023 |

*അവസാന ദിവസങ്ങളിൽ ഉണ്ടാകാനിടയുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കാൻ ആദ്യ ദിവസങ്ങളിൽതന്നെ ഫീസ് അടയ്ക്കുക. മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള രജിസ്ട്രേഷൻ കഴിവതും ഒഴിവാക്കുക.*

സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പാൾ

SPECIAL GRADE PRINCIPAL
MAHARAJA'S COLLEGE
ERNAKULAM

MAHARAJA'S COLLEGE ERNAKULAM COCHIN-682 011

*പകർപ്പ് :*

1. എല്ലാ വകുപ്പ് മേധാവികൾക്കും
2. വെബ്സൈറ്റ്
3. A3,A4,A5 സെക്ഷൻ
4. നോട്ടീസ് ബോർഡ്
5. കരുതൽ ഫയൽ

## ഓൺലൈനായി പരീക്ഷാഫീസ് അടയ്ക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

1. കോളേജ് വെബ്സൈറ്റിലെ സ്റ്റുഡന്റ് പോർട്ടലിൽ (https://maharajas.ac.in/mhsuite) ലോഗിൻ ചെയ്താണ് ഓൺലൈൻ ഫീസ് അടയ്ക്കേണ്ടത്. ആദ്യമായി ലോഗിൻ ചെയ്യുന്ന വിദ്യാർത്ഥികൾ Username ആയി Admission Number – ഉം Password ആയി "1" ആണ് നൽകേണ്ടത്. ഇതിനുശേഷം നിലവിലുള്ള പാസ്സ്‌വേർഡ് മാറ്റി പുതിയ പാസ്സ്‌വേർഡ് നൽകേണ്ടതാണ്. താഴെ പറയുന്ന നിർദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം പുതിയ പാസ്സ്‌വേർഡ് നൽകേണ്ടത്.

   *Minimum 8 letters length. *Must Contain One Upper Case Letter, One Number and One special character. *Allowed characters are ! @ # $ % ^ & * ( )

   വീണ്ടും ലോഗിൻ ചെയ്തശേഷം ഇടതുവശത്തെ Academic → Exams Registrations -ൽ ക്ലിക്ക് ചെയ്യുക.




2. വലതുവശത്തെ പരീക്ഷകളുടെ ലിസ്റ്റിൽനിന്ന് ബാധകമായ പരീക്ഷയുടെനേരേ Apply Now ക്ലിക്ക് ചെയ്യുക.




3. റഗുലർ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ സ്ക്രീനിൽ കാണിച്ചിരിക്കുന്ന പരീക്ഷകളുടെ പേരും ബാധകമായ ഫീസും കൃത്യമാണോയെന്ന് പരിശോധിക്കുക. Confirm ചെയ്തുകഴിഞ്ഞാൽ മാറ്റം വരുത്താൻ കഴിയാത്തതിനാൽ പരീക്ഷകളുടെ പേരും ഫീസും ശരിയാണോയെന്ന് വളരെ ശ്രദ്ധാപൂർവ്വം ഉറപ്പുവരുത്തുക. അതിനുശേഷം Confirm Exam Registration -ൽ ക്ലിക്ക് ചെയ്യുക.
4. പരീക്ഷ Confirm ചെയ്തതിനുശേഷം Proceed to pay -ൽ ക്ലിക്ക് ചെയ്യുക. അടുത്ത പേജിൽ Make payment -ൽ ക്ലിക്ക് ചെയ്യുക.
5. ഉചിതമായ സംവിധാനം (Internet Banking/Debit Card/UPI) തെരഞ്ഞെടുത്ത് ഓൺലൈനായി ഫീസ് അടയ്ക്കുക.
6. ഓൺലൈനായി ഫീസ് അടച്ചതിനുശേഷം പ്രൊഫൈലിൽ വീണ്ടും ലോഗിൻ ചെയ്ത് Examination Registration Form, Fee Receipt എന്നിവ ഡൗൺലോഡ് ചെയ്യാൻ കഴിയുന്നുണ്ടെങ്കിൽ പരീക്ഷാ രജിസ്ട്രേഷനും ഫീസ് ഒടുക്കലും വിജയകരമായി പൂർത്തിയായതായി കണക്കാക്കാം. അല്ലാത്തപക്ഷം സ്ക്രീനിലെ നിർദ്ദേശങ്ങൾ അനുസ്സരിച്ച് വീണ്ടും ശ്രമിക്കണം. എന്നിട്ടും സാധിക്കാത്തവർ Helpline Number -ൽ ബന്ധപ്പെടണം.
7. മികച്ച ഇന്റർനെറ്റ് കവറേജ് ലഭ്യമായ സ്ഥലത്തുവച്ച് ലോഗിൻ ചെയ്യണം.
8. Payment പ്രക്രിയ തുടങ്ങിക്കഴിഞ്ഞാൽ "Back" പ്രസ്സ് ചെയ്യാനോ "Refresh" ചെയ്യാനോ പാടില്ല.
9. മൊബൈൽ ഫോണിനുപകരം മികച്ച ഇന്റർനെറ്റ് ലഭ്യമായ കംപ്യൂട്ടർ ഉപയോഗിക്കുന്നതും, Payment ന് Internet Banking ഉപയോഗിക്കുന്നതും Payment വിജയസാദ്ധ്യത വർദ്ധിപ്പിക്കുന്നതായി കണ്ടുവരുന്നു.

**ഹെൽപ്പ് ലൈൻ നമ്പർ 91889 58798**